നമ്പർ :- ഡി1-ടി.എൻ-2017-18 തിയതി:- 9/1/2018

**കേരള സർക്കാർ**

**ജലസേചന (ചെറുകിട ജലസേചനം) വകുപ്പ്**

**ലഘു ദർഘാസ് പരസ്യം (പുനർ ദർഘാസ് )**

കേരള ഗവർണ്ണർക്കുവേണ്ടി പാലക്കാട് ചെറുകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവർത്തിക്ക് നിശ്ചിത യോഗ്യതയുള്ള കരാറുകാരിൽ നിന്നും പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്തിട്ടുള്ള മുദ്ര വച്ച മത്സര സ്വഭാവമുള്ള ദർഘാസ്സുകൾ തപാലിൽ രജിസ്റ്റേർഡ് /സ്പീഡ് പോസ്റ്റ് ആയി മാത്രം ക്ഷണിച്ചു കൊള്ളുന്നു. തപാലിൽ ഉണ്ടാകുന്ന കാല താമസത്തിന് ഈ വകുപ്പ് ഉത്തരവാദിയാകുന്നതല്ല. ദർഘാസുകൾ താഴെ പറയുന്ന തീയ്യതികളിൽ വൈകുന്നേരം 3 മണുവരെ സ്വീകരിക്കുന്നതും അന്നേ ദിവസം 3.30ന് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ തൽസമയം ഹാജരായിട്ടുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം അവധിയായിരുന്നാൽ അതിനടുത്ത പ്രവർത്തി ദിവസം ദർഘാസുകൾ പരിഗണിക്കുന്നതാണ്. ദർഘാസിന്റെ കാലാവധി അതു സ്വീകരിക്കുന്ന തിയ്യതി മുതൽ 4 മാസം ആയിരിക്കും.

ദർഘാസ് പ്രമാണങ്ങൾ വിതരണം ചെയ്യുന്ന തിയതിയും സമയവും : 12/01/2018 ഉച്ചയ്ക്ക് 1:00 മണി വരെ

ദർഘാസ് പ്രമാണങ്ങൾ സ്വീകരിക്കുന്ന തിയതിയും സമയവും :17/01/2018 ഉച്ചയ്ക്ക് 3:00 മണി വരെ

ദർഘാസ് പ്രമാണങ്ങൾ തുറക്കുന്ന തിയതിയും സമയവും :17/01/2018 ഉച്ചയ്ക്ക് 3:30 ന്

പണി തീർക്കേണ്ട കാലാവധി : 15 ദിവസം

| ക്രമ. നം. | ദർഘാസ് നം. | പ്രവൃത്തിയുടെ പേരും ഉദ്ദേശം അടങ്കൽ തുകയും | ദർഘാസ് പ്രമാണത്തിന്റെ വില | നിരത ദ്രവ്യം | കരാറുകാരുടെ വിഭാഗം | പ്രവൃത്തിയുടെ നിർമ്മാണ കാലാവധി |
|---|---|---|---|---|---|---|
| 1 | 8/2017-18 | വി.എം 2017-18 -പാലക്കാട് ജില്ലയിലെ **പള്ളിപ്പുറം ലിഫ്റ്റ് ഇറിഗേഷൻ സ്കീമി**ന്റെ 50HP സ്ലിപ് റിങ് ഇൻഡക്ഷൻ മോട്ടോറിന്റെ അടിയന്തിര റിവൈൻഡിങ് പ്രവർത്തി അടങ്കൽ തുക : 60,000/- | 500+ ജി എസ് ടി @ 12% | 1500/- | "സി" യും അതിനു മുകളിലും ഉള്ള പൊതുമരാമത്ത് ഇലക്ട്രിക്ക് കരാറുകാർ | 15 ദിവസം |

**കരാറുകാരുടെ വിഭാഗം:** "സി" യും അതിനു മുകളിലും ഉള്ള പൊതുമരാമത്ത് ഇലക്ട്രിക്ക് കരാറുകാർ. പ്രവർത്തിയുടെ അടിയന്തിര സ്വഭാവം പരിഗണിച്ച് ഇവരുടെ അഭാവത്തിൽ SSI യും GST രജിസ്ട്രേഷനുള്ള ജലസേചന ആവശ്യങ്ങൾക്കുള്ള ഉയർന്ന ശേഷി മോട്ടോർ പമ്പുസെറ്റുകളുടെ അടിയന്തിര അറ്റകുറ്റപണികൾ, റിവൈൻഡിങ്, പരിപാലനം തുടങ്ങിയ മേഖലകളിൽ ചുരുങ്ങിയത് ഒരു വർഷത്തെ പ്രവർത്തി പരിചയമുള്ളവരുടെ ദർഘാസുകളും നിബന്ധനകൾക്ക് വിധേയമായി പരിഗണിക്കുന്നതാണ്

ദർഘാസ് പ്രമാണങ്ങളും മറ്റ് വിശദ വിവരങ്ങളും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ പരസ്പരം കൈമാറാൻ പാടില്ലാത്തതുമാകുന്നു. ദർഘാസുകളോടൊപ്പം രൂ. 200/- (ഇരുനൂറ് രൂപയുടെ) മുദ്ര പത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പിട്ട് അടക്കം ചെയ്തിരിക്കണം. നിരതദ്രവ്യം നിർബന്ധമായും സർക്കാർ ട്രഷറിയിൽ നിന്നോ, നാഷണൽ സേവിംഗ്സ് സർട്ടി ഫിക്കറ്റ് പോസ്റ്റാഫീസിൽ നിന്ന്, ഷെഡ്യൂൾ ബാങ്കിൽ നിന്ന് മാത്രം എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയ്ക്കുള്ളതും അദ്ദേഹത്തിന് ഏതു സമയത്തും മാറത്തക്കവിധത്തിൽ അധികാരപെടുത്തിയതുമായിരിക്കണം. പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം കെട്ടിവയ്ക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്. 1989 ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ (2) വകുപ്പ് അനുസരിച്ച് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ നിർമ്മാണ പ്രവർത്തിയുടെ മൊത്തം ചിലവിന്റെ 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേയ്ക്ക് നൽകുവാൻ ബാധ്യസ്ഥനാണ്. കേരള പൊതുമരാമത്ത് / ജലസേചന വകുപ്പുകളിലെ ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമായിരിക്കും.

for **എക്സിക്യൂട്ടീവ് എഞ്ചിനീയർ.**
**(കേരളാ ഗവർണർക്കുവേണ്ടി)**

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം.
ചെറുകിട ജലസേചന വിഭാഗം.
പാലക്കാട് (ഫോൺ: 0491-2522808)

OFFICE OF THE EXECUTIVE ENGINEER * PALAKKAD 678 001 Dt.........

Scanned by CamScanner